**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3832** **27-06-2024 - ൽ മറുപടിയ്ക്ക്**

**ഇറച്ചിക്കോഴിയുടെ വില നിയന്ത്രണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ് | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | പൊതുവിപണിയിൽ ഇറച്ചിക്കോഴിയുടെ വില ക്രമാതീതമായി വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | പൊതുവിപണിയിൽ ഇറച്ചിക്കോഴിയുടെ വിലയിൽ ഏറ്റക്കുറച്ചിലുകൾ ഉണ്ടാകാറുണ്ടെന്നകാര്യംശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | വിപണിയിൽ ഇടപെട്ട് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (ബി) | ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കുന്നതിനായി റീബിൽഡ് കേരള ഇനിഷ്യേറ്റിവ്, റൂറൽ ഇൻഫ്രാസ്ടക്ചർ ഡെവലപ്മെൻറ് എന്നീ ഫണ്ടുകൾ ഉപയോഗിച്ച് 99.6066 കോടി രൂപയുടെ കേരള ചിക്കൻ പദ്ധതി നടപ്പിലാക്കി വരുന്നു.<br><br>പൊതുമേഖല സ്ഥാപനമായ കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ഇറച്ചി കോഴിയുടെ വില നിയന്ത്രിക്കുന്നതിന് കെപ്കോയുടെ അധീനതയിലുള്ള കുടപ്പനക്കുന്നിലെ ഇറച്ചി കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും ഉൽപാദിപ്പിക്കുന്ന ഇറച്ചി കോഴി കുഞ്ഞുങ്ങളെ കുടുംബശ്രീ -കോൺട്രാക്ട് ഫാമിംഗ് പദ്ധതിയിലൂടെ ടി യൂണിറ്റുകൾക്ക് മിതമായ നിരക്കിൽ നൽകി 40-45 ദിവസം വരെ പ്രായമാകുമ്പോൾ കർഷകർക്ക് വളർത്തുകൂലി നൽകി തിരിച്ചെടുത്ത്കെപ്കോയുടെ തന്നെ മീറ്റ് പ്രോസസ്സിംഗ് പ്ലാന്റിൽ പ്രോസസ്സ് ചെയ്തു കെപ്കോ കേരള ചിക്കൻ എന്ന ബ്രാൻഡിൽ കെപ്കോയുടെ വിപണന ഏജൻസികൾ വഴി ഉപഭോക്താക്കൾക്ക് നൽകുന്നു. കൂടാതെ ഇറച്ചി കോഴിക്കുഞ്ഞുങ്ങളെ ആവശ്യമുള്ള കർഷകർക്ക് കുടപ്പനക്കുന്നിലെ ഇറച്ചി കോഴി പ്രജനന കേന്ദ്രത്തിൽ നിന്നും മിതമായ നിരക്കിൽ ആവശ്യാനുസരണം വിതരണം ചെയ്യുന്നു. കേരള ചിക്കൻ പദ്ധതിക്ക് വേണ്ടി ആവശ്യമുള്ള ഇറച്ചിക്കോഴി കുഞ്ഞുങ്ങളെയും കെപ്കോ വിതരണം ചെയ്തു വരുന്നു. ഇതിലൂടെ ഇറച്ചി കോഴിയുടെ വിലനിയന്ത്രിക്കുന്നതിനുള്ള ശ്രമമാണ് കെപ്കോ നടത്തിവരുന്നത് കൂടാതെ കേരള ചിക്കൻ പദ്ധതിയുടെ ഭാഗമായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 393 ബ്രോയ്‌ലർ ഫാമുകളും, 129 |

| | | | |
|---|---|---|---|
| | | | കേരള ചിക്കൻ ഔട്ട്‌ലെറ്റുകളും ആരംഭിച്ചിട്ടുണ്ട്.കേരള ചിക്കൻ ഔട്ടലെറ്റുകൾ പ്രവർത്തിക്കുന്ന സ്ഥലത്തു പ്രാദേശിക തലത്തിൽ വില നിയന്ത്രിക്കുവാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട്. പൊതുവിപണിയെക്കാൾ 10 മുതൽ 15 ശതമാനം വരെ വിലകുറച്ച് കുടുംബശ്രീ കേരള ചിക്കൻ ഔട്ട്‌ലെറ്റുകൾ വഴി ഇറച്ചി കോഴി വിപണനം നടത്തുന്നതിനാൽത്തന്നെ പ്രാദേശികതലത്തിൽ മറ്റ് പ്രൈവറ്റ് ഔട്ട്‌ലെറ്റുകളിലും വിപണനം നടക്കുന്നതിന് വേണ്ടി ഇറച്ചി കോഴി വിലക്കുറക്കേണ്ടി വരുന്ന സാഹചര്യമുണ്ടാക്കാൻ കുടുംബശ്രീക്ക് സാധിച്ചിട്ടുണ്ട് . |
| (സി) | കോഴിക്കർഷകരിൽ ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്കാമോ? | (സി) | കുടുംബശ്രീയെ ഉൾപ്പെടുത്തി ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായനിരക്കിൽ പൊതുജനങ്ങളിൽ എത്തിക്കുക എന്ന ഉദ്ദേശത്തോടുകൂടിയാണ് കേരള ചിക്കൻ പദ്ധതി ആവിഷ്കരിച്ചിട്ടുള്ളത്. പദ്ധതിപ്രകാരം 1600ബ്രോയ്‌ലർ ഫാർമുകളും 240 സെയി സ് ഔട്ട് ലെറ്റുകളും കുടുംബശ്രീമുഖേന നടപ്പിൽവരുത്തുന്നതിന് വേണ്ടി ഫാം ഒന്നിന് പരമാവധി 50000/ രൂപയും ഔട്ട്‌ലറ്റ് ഒന്നിന് 25000 രൂപയും പദ്ധതിയിൽ നീക്കിവെച്ചിട്ടുണ്ട്.<br><br>കേരള ചിക്കൻ പദ്ധതിയുടെ കുടുംബശ്രീ അംഗങ്ങളായ കോഴി കർഷകർക്ക് ഒരു സ്ഥിര വരുമാനം ഉറപ്പാക്കുന്നതിന് കുടുംബശ്രീക്ക് സാധിക്കുന്നുണ്ട്. കേരള ചിക്കൻ പദ്ധതിയുടെ നടത്തിപ്പിനായി, ഉത്പാദനം മുതൽ വിപണനം വരെ ഉള്ള എല്ലാ പ്രവർത്തനങ്ങളും ഏകോപിപ്പിക്കുന്നതിനുവേണ്ടി കുടുംബശ്രീ ബ്രോയ്‌ലർ ഫാർമേഴ്‌സ് പ്രൊഡ്യൂസർ കമ്പനി ലിമിറ്റഡ് എന്ന പേരിൽ പ്രൊഡ്യൂസർ കമ്പനി രൂപീകരിച്ചു. നിലവിൽ കർഷകർക്ക് ഇന്റിഗ്രേഷൻ ഫീസ് (വളർത്തുകലി) നൽകുന്ന രീതിയിൽ കുടുംബശ്രീ ബ്രോയ്‌ലർ ഫാർമേഴ്‌സ് പ്രൊഡ്യൂസർ കമ്പനിയുടെ നേതൃത്വത്തിൽ 2019 മുതൽ കേരള ചിക്കൻ പദ്ധതി നടന്നുവരുന്നു. ഇന്റഗ്രേഷൻ അഥവാ കോൺട്രാക്ട് ഫാർമിംഗ് എന്നത് ഒരുദിവസം പ്രായമായ കോഴികുഞ്ഞുങ്ങൾ, മരുന്ന്, തീറ്റ എന്നിവ കുടുംബശ്രീ അംഗങ്ങളായ ഇറച്ചിക്കോഴി കർഷകർക്ക് ഒരു രൂപ പോലും ഈടാക്കാതെ നൽകി, വളർച്ചയെത്തിയ ഇറച്ചിക്കോഴികളെ കമ്പനിതന്നെ തിരികെയെടുത്തു കുടുംബശ്രീയുടെ കേരള ചിക്കൻ ഔട്ട്‌ലറ്റുകൾ വഴി വിപണനം നടത്തിവരുന്നു. ഫാം ഇന്റഗ്രേഷൻ മുഖേന, വളർത്തുകൂലി ഇനത്തിൽ കുടുംബശ്രീ ഇറച്ചിക്കോഴി കർഷകർക്ക് ഒരു സ്ഥിര വരുമാനം ലഭ്യമാകുന്നു. കമ്പനിയുടെ ഫാം സൂപ്പർവൈസർമാരുടെ നേതൃത്വത്തിൽ ഫാം പരിപാലനത്തിനുള്ള പരിശീലനവും കർഷകർക്ക് നൽകുന്നുണ്ട്. നിലവിൽ |

| | | | |
|---|---|---|---|
| | | | തിരുവനതപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, മലപ്പുറം, കണ്ണൂർ എന്നീ ജില്ലകളിലായി 393 ബ്രോയ്‌ലർ ഫാമുകളും, 129 കേരളചിക്കൻ ഔടലെറ്റുകളും കുടുംബശ്രീയുടെ നേതൃത്വത്തിൽ പ്രവർത്തിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ